കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - വൊക്കേഷണൽ ഹയർ സെക്കന്ററി - പുതുതായി അനുവദിച്ച സ്ക്കൂളുകൾ/അധിക ബാച്ചുകൾ - അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (സ്പെഷ്യൽ സെൽ) വകുപ്പ്

സഉ(എം.എസ്)നം.161/2008/പൊവിവ തീയതി, തിരുവനന്തപുരം 15/09/2008

പരാമർശം 1) സ.ഉ.(എം.എസ്)നം.191/07/പൊ.വി.വ., തീയതി 2/11/07

2)വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 4/12/07 ലേയും 12/12/07 ലേയും സി2/22382/07 നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 2007-08 അക്കാദമിക വർഷം 14 സർക്കാർ സ്ക്കൂളുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളായി ഉയർത്തിയും നിലവിലുള്ള 34 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചും ഉത്തരവായിട്ടുണ്ട്. ഇതിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (2) ലെ കത്ത് പ്രകാരം വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും 2007-08 അക്കാദമിക വർഷം വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളായി ഉയർത്തിയ സ്ക്കൂളുകളിലും നിലവിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ച സ്ക്കൂളുകളിലും ചുവടെ പറയും പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള 70 നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) (9190-15510) തസ്തികകളെ നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) (11070-18450) തസ്തികകളായി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമനം	തസ്തികയുടെ പേര്	ശമ്പള സ്കെയിൽ	എണ്ണം
1	വൊക്കേഷണൽ ടീച്ചർ	11070-18450	100
2	വൊക്കേഷണൽ ഇൻസ്ട്രക്ടർ	7990-12930	100
3	ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ്	5650-8790	100
4	നോൺ വൊക്കേഷണൽ ടീച്ചർ(സീനിയർ)	11070-18450	37
5	നോൺ വൊക്കേഷണൽ ടീച്ചർ(ജൂനിയർ)	9190-15510	112
6	ലോവർ ഡിവിഷൻ ക്ലർക്ക്	5250-8390	14
7	പ്യൂൺ	4510-6230	25

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്

സെക്രട്ടറി

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഹയർ സെക്കന്ററി വിദ്യഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ/ ആഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ് (02/07/08 ലെ 45008/എഡ്യു.ബി1/08/ധന പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ